തൃപ്പലവൂർ പാലം

399 [434] ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുങ്കടവിള പഞ്ചായത്തിലെ തൃപ്പലവൂർ ക്ഷേത്രനടയിലെ പാലം പണി ഇപ്പോൾ ഏത് സ്റ്റേറ്റേജിൽ ഇരിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പണി തുടങ്ങാത്തതിന്റെ കാരണമെന്ത്;

(സി) എപ്പോൾ പണി തുടങ്ങുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധമായി മണ്ണ് പരിശോധനയും എസ്റ്റിമേറ്റും പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ എസ്റ്റിമേറ്റ് തുകയെത്ര?

ഉത്തരം

(എ) പാലത്തിന്റെ അലൈൻമെൻറ് ആർ. ആൻറ് ബി. ചീഫ് എഞ്ചിനീയർ പരിശോധിച്ചുവരുന്നു.

(ബി) നടപടിക്രമങ്ങൾ പൂർത്തിയാകാത്തതുകൊണ്ടാണ് പണി തുടങ്ങാത്തത്.

(സി) പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുക തുടങ്ങിയ പ്രാഥമിക നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ പണി എപ്പോൾ തുടങ്ങുമെന്ന് പറയുക പ്രയാസമാണ്.

(ഡി) അലൈൻമെൻറ് തീർച്ചപ്പെടുത്തിക്കഴിഞ്ഞിട്ടില്ലാത്തതിനാൽ മണ്ണ് പരിശോധനയും എസ്റ്റിമേറ്റ് തയ്യാറാക്കലും നടത്തിയിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ എസ്റ്റിമേറ്റ് തുക ഇപ്പോൾ പറയുക പ്രയാസമാണ്.

ചടച്ചി മാർത്താണ്ഡൻ പാലം

400 [435] ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുങ്കടവിള പഞ്ചായത്തിലെ ചടച്ചി മാർത്താണ്ഡൻ പാലം രണ്ട് വർഷം മുൻപ് ടെണ്ടർ ആയിട്ടും നാളിതുവരെ പണി തുടങ്ങിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അടിയന്തിരമായി അതിന്റെ പണി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പണി എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പണി ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) പണി വീണ്ടും ടെണ്ടർ ചെയ്യേണ്ടതുള്ളതുകൊണ്ട് ഈ ജോലി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് ഇപ്പോൾ കൃത്യമായി പറയാൻ ബുദ്ധിമുട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly